പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 593

29.11.2018 - ൽ മറുപടിക്ക്.

## ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിങ് സെന്റർ

......................

ചോദ്യം
ശ്രീ. വി. കെ. സി മമ്മത് കോയ

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പ് മന്ത്രി).

| ചോദ്യം | | മറുപടി |
|---|---|---|
| (എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽ എഫ്2/597/2016 എന്ന ഫയൽ നിലവിലുണ്ടോ ; | (എ) : | ഉണ്ട്. |
| (ബി) പ്രസ്തുത ഫയലിൽ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സിഡ്കോ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) : | സിഡ്കോയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) കേരള സിഡ്കോയിൽ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ച് നൽകാവുന്നതാണ് എന്ന് സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പിൽ വരുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണം വ്യക്തമാക്കാമോ ; ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) : | സിഡ്കോയിലെ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ച് നൽകാവുന്നതാണ് എന്ന് സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.

ജക/22/11

അനുബന്ധം

Kerala Small Industries Development Corporation
(An undertaking of Government of Kerala)
P.B. No. 50, Housing Board Building, Santhinagar, Thiruvananthapuram-695001
Tel.No. : 0471 2330613, 2330614, 2330458 (after office hours) Fax : 0471 2330904
CIN No. U65929KL 1975SGC002736
Email : sidcomdsoffice@gmail.com, Website : www.keralasidco.com

SIDCO

1

നം.പി.ഇ.ആർ(1)/1706/2017 തീയതി: 07.06.2018

പ്രിൻസിപ്പൽ സെക്രട്ടറി,
വ്യവസായ (എഫ്) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- സിഡ്കോ – എസ്റ്റാ – ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ സിഡ്കോയുമായി ചേർക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1. 14.02.2018–ലെ 290/08 നമ്പർ സിഡ്കോ ബോർഡ് തീരുമാനം.

30.06.2010–ലെ ജി.ഒ.(എം.എസ്) നം.147/2010/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2010–11–ലെ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച 8 ഗ്രീൻ പ്രോജക്ടുകളിൽ ഒന്നായ ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായിരുന്നു സിഡ്കോ.

മലബാർ സിമന്റ്സിൽ നിന്നും ഓഹരി നിക്ഷേപമായി 4 കോടി രൂപ, മലബാർ സിമന്റ്സിൽ നിന്നും ലോണായി 7 ശതമാനം പലിശയോടു കൂടി 4 കോടിയുടെ ലോൺ, സർക്കാരിൽ നിന്ന് ലഭിച്ച 2 കോടി രൂപ എന്നിങ്ങനെ ഫണ്ട് ഉപയോഗിച്ചാണ് ഒളവണ്ണയിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത്.

01.01.2011–ലെ G.O(MS) No.1/2011/ID-ൽ Annexure-II & Annexure-IV പ്രകാരം post create ചെയ്യുവാനും Annexure-I & Annexure-III പ്രകാരം ഈ തസ്തികകളിൽ നിയമനം നടത്തുവാനും അനുമതി നൽകി ഉത്തരവായിരുന്നു. Annexure-IV-പ്രകാരമുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ 10 പേരുടെ നിയമനം നടത്തിയിരുന്നു (ഇതിൽ നിന്നും 2 പേർ സർവ്വീസിൽ നിന്നും വിടുതൽ വാങ്ങി). 02.12.2011–ലെ സ.ഉ(എം.എസ്) നം.223/2011/ഐ.ഡി ഉത്തരവിൽ 01.11.2011–ലെ സ.ഉ(എം.എസ്) നം.1/2011/ഐ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുന്നു എന്നും പുതുതായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ അതിനോടകം ജോലിയിൽ പ്രവേശിച്ച ജീവനക്കാരെ പിഎസ്‌സിയുടെ അംഗീകാരത്തിന് വിധേയമായി ജോലിയിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡയറക്ടർ, എംപ്ലോയ്മെന്റ് ഓഫീസ് നൽകുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അപേക്ഷകളോടൊപ്പം പരിഗണിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം 7 ജീവനക്കാരെ കൂടി ടി. സ്ഥാപനത്തിൽ സിഡ്കോ വഴി നിയമനം നൽകിയിട്ടുണ്ട്. തുടർന്ന് 27.03.2018–ലെ ജി.ഒ(എം.എസ്)നം.24/2018/ഐ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 02.12.2011–ലെ സർക്കാർ ഉത്തരവിലെ രണ്ട് കാര്യങ്ങൾ നിലനിർത്തികൊണ്ട് ടി. സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

DESPATCHED

Kerala Small Industries Development Corporation
(An undertaking of Government of Kerala)
SIDCO
P.B. No. 50, Housing Board Building, Santhinagar, Thiruvananthapuram-695001
Tel No. : 0471 2330613, 2330614, 2330458 (after office hours) Fax : 0471 2330904
CIN No. U65929KL 1975SGC002736
Email : sidcomdsoffice@gmail.com, Website : www.keralasidco.com

നം.പി.ഇ.ആർ(1)/1706/2017

തീയതി : 26.10.2017

അഡീഷണൽ ചീഫ് സെക്രട്ടറി,
വ്യവസായ (എഫ്) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- സിഡ്കോ - എസ്റ്റാ - ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർ സമർപ്പിച്ച നിവേദനം - മറുപടി - സംബന്ധിച്ച്

സൂചന:- 1. സ.ഉ (എം.എസ്.) നം.2/2015/വ്യവ തീയതി 08.01.2015.
2. 23.08.2016-ലെ 597/എഫ്.2/2016/വ്യവ നമ്പർ പ്രകാരമുള്ള സർക്കാർ കത്ത്.

മേൽ സൂചന (2) ലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുക്കൊള്ളുന്നു. 2010-11-ലെ budget speech-ൽ announce ചെയ്ത 8 greenfield project-കളിൽ ഒന്നാണ് ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ. 30.06.2010-ലെ ജി.ഒ. (എം.എസ്.) നം.147/2010/Inds നമ്പർ സർക്കാർ ഉത്തരവും തുടർന്നുള്ള ഉത്തരവുകളും പ്രകാരം സിഡ്കോ ആണ് ഈ project implement ചെയ്തത്. 2011 മുതൽ ഈ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. എന്നാൽ, ഇത് സിഡ്കോയുടെ സ്വന്തം യൂണിറ്റ് ആയി നാളിതുവരെ മാറ്റിയിട്ടില്ല. സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ നിന്നും വ്യത്യസ്തമായ പാറ്റേൺ ആണ് ഈ യൂണിറ്റിലേത്. * സൂചന (1) പ്രകാരം സിഡ്കോയുടെ സ്റ്റാഫ് പാറ്റേൺ സർക്കാർ അംഗീകരിച്ചു നൽകിയതിൽ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലേയ്ക്ക് നിയമിച്ച ജീവനക്കാരുടെ വിഭാഗം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ എന്ന യൂണിറ്റിനെ സിഡ്കോയുമായി ചേർക്കുന്നതിനും, ഈ സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ പഠന വിധേയമാകുന്നതിനായി ബോർഡ് തീരുമാന പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് താമസംവിനാ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിരിക്കുകയാണ്. കമ്മിറ്റി, റിപ്പോർട്ട് ബോർഡിൽ സമർപ്പിച്ചതിന് ശേഷം വിശദമായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകുന്നതാണ് എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ

gr.PER fo/PER(1)

26/x/17
26.10.17
04/11/17

1. പി.എസ്.സി. പരിധിയിലുള്ള 44 തസ്തികകൾ (8 green field projects-ലേത്) പി.എസ്.സി വഴി തന്നെ നികത്തേണ്ടതാണ്.
2. സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ പി.എസ്.സി.യുടെ അംഗീകാരത്തിന് വിധേയമായി തുടരാൻ അനുവദിക്കാവുന്നതാണ്.

26.11.2013-ലെ 13/258 നമ്പർ സിഡ്കോ ബോർഡ് തീരുമാന പ്രകാരം ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ എന്ന സ്ഥാപനത്തെ സിഡ്കോയുടെ സബ്സിഡറി കമ്പനിയാക്കണമെന്ന് തീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ അതിൽ തുടർ നടപടികൾ കൈക്കൊണ്ടിരുന്നില്ല. തുടർന്ന് 14.02.2018-ലെ 290/08 നമ്പർ ബോർഡ് തീരുമാനപ്രകാരം താഴെ പറയുംവിധം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(1) ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ സിഡ്കോയുടെ ഒരു separate unit ആയി നിലനിർത്തുന്നതാണ്.

(2) നിലവിലുള്ള ജീവനക്കാർക്ക് നിലവിലെ pay & allowances തുടരുന്നതാണ്.

(3) പുതിയ നിയമനങ്ങൾ സിഡ്കോയുടെ norms & rules പ്രകാരമായിരിക്കും.

(4) ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ ഇതിനോടകം പി.എസ്.സി. പരിധിയിൽ വരുന്ന തസ്തികകളിലേയ്ക്ക് നടത്തിയ നിയമനങ്ങൾ പി.എസ്.സി.യുടെ concurrence ലഭ്യമാക്കേണ്ടതാണ്.

(5) സർക്കാരിലേയ്ക്ക് ഈ വിവരങ്ങൾ അറിയിക്കാനും സാധൂകരണം ലഭ്യമാക്കുവാനും (സർക്കാർ ഉത്തരവ് ഇതിനോടകം ലഭിച്ചതു പ്രകാരം) തീരുമാനിച്ചു.

(6) ഡി.എ റിവൈസ് ചെയ്യുന്നത് ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും ബാധകമാകും.

(7) സിഡ്കോയ്ക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർക്കും നൽകുന്നതായിരിക്കും.

ബോർഡ് തീരുമാനം ഇപ്രകാരം നിലനിൽക്കെ താഴെപ്പറയുന്ന കാര്യങ്ങൾ അറിവിലേയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു.

(1) സിഡ്കോയുടെ നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ 08.01.2015-ലെ ജി.ഒ (എം.എസ്) നം.2/2015/ഐ.ഡി.യും നിലവിൽ അംഗീകരിച്ച പേ റിവിഷൻ 23.05.2015-ലെ ജി.ഒ(എം.എസ്) നം.73/2015/ഐ.ഡി.യുമാണ്. എന്നാൽ ഇതിൽ ഒന്നുതന്നെ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ തസ്തികകൾ ഉൾപ്പെട്ടിട്ടില്ല. 01.01.2011-ലെ G.O(MS) No.1/2011/ID-ൽ Annexure-IV-ൽ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ (Signed by Asst. General Manager, SIDCO) അടങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അനുച്ഛേദത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കാമോ എന്നതിൽ വ്യക്തത നൽകേണ്ടതാണ്.

(2) ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ പ്രവൃത്തി പരിചയം മാനദണ്ഡമാക്കാതെയാണ് ശമ്പള സ്കെയിൽ നിശ്ചയിച്ചിരിക്കുന്നത്. ബോർഡ് തീരുമാനപ്രകാരമാണ് പ്രവൃത്തി പരിചയം ഒഴിവാക്കിയിരിക്കുന്നത്. ഹെഡ്ഡ് ടൂൾ റൂം, ടൂൾ റൂം മാനേജർ, ടൂൾ റൂം എഞ്ചിനീയർ, ഡിസൈൻ എഞ്ചിനീയർ എന്നീ വ്യത്യസ്ത ശമ്പള സ്കെയിലുള്ള തസ്തികകൾക്ക് ഒരേ യോഗ്യതയും എന്നാൽ പ്രവൃത്തി പരിചയം പ്രത്യേകമായി കാണിച്ചിട്ടില്ലാത്തതുമാകുന്ന വൈരുദ്ധ്യം നിലനിൽക്കുന്നു. ആയത് പരിഹരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനുള്ള അനുമതി നൽകണം.

(3) സിഡ്കോയിൽ 19240/- വരെയുള്ള (2009 പേ റിവിഷൻ) ഉൾപ്പെടെ അടിസ്ഥാന ശമ്പളം ഉള്ള സ്കെയിലിൽ വരുന്ന തസ്തികകൾ (സ്റ്റാഫ് കാറ്റഗറി) പി.എസ്.സി.യുടെ പരിധിയിൽ വരുന്നതും പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നതും. അതിനു മുകളിലെ ശമ്പള സ്കെയിലുള്ള സ്റ്റാഫ് കാറ്റഗറിയിലെ തസ്തികകളും, വർക്കർ തസ്തികകളിലും നേരിട്ടാണ് നിയമനം നടത്തുന്നത്. ഇത് ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ ബാധകമാക്കേണ്ടതാണ്.

(4) സിഡ്കോയിൽ വർക്കർ ഗ്രേഡ്-III തസ്തികയ്ക്ക് അടിസ്ഥാന യോഗ്യത ഐ.റ്റി.ഐ കോഴ്സുകളാണ്. ഇവരുടെ സേവന വേതന വ്യവസ്ഥ സർക്കാർ അംഗീകരിച്ച് മാനേജ്മെന്റും, അംഗീകൃത തൊഴിലാളി സംഘടനകളും തമ്മിലുണ്ടാക്കിയിട്ടുള്ള ദീർഘകാല കരാറിന്റെയും, ഫാക്ടറീസ് ആക്ട്, ഇൻഡസ്ട്രിയൽ സ്റ്റാൻഡിംഗ് ഓർഡറിന്റെയും അടിസ്ഥാനത്തിലാണ്. മാത്രമല്ല, വി.ഡി.എ ആണ് വേതനത്തോടൊപ്പം നൽകുന്നത്. ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സമാന തസ്തികകളായ ഡ്രാഫ്റ്റ്സ്മാൻ, ഫിറ്റേഴ്സ്/പോളിഷേഴ്സ്/ ടെക്നീഷ്യൻസ്, ഇലക്ട്രീഷ്യൻസ്/ അസ്സിസ്റ്റന്റ് ഇലക്ട്രീഷ്യൻസ് എന്നീ തസ്തികയിലുള്ളവർക്ക് സിഡ്കോയിലെ സ്റ്റാഫ് കാറ്റഗറിയിലെ ഫോർമാൻ തസ്തികയുടെ സമാന ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ സിഡ്കോയിൽ നിലവിൽ ഐടിഐ യോഗ്യതയുള്ള ഒരു തൊഴിലാളിയ്ക്ക് 14 വർഷം സേവനവും പ്രവൃത്തി പരിചയവുമുണ്ടെങ്കിൽ മാത്രമേ ഫോർമാൻ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയുള്ളൂ. അതായത് ഐ.റ്റി.ഐ. യോഗ്യത മാനദണ്ഡമായുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സി.എൻ.സി. ഓപ്പറേറ്റർ-ന് സിഡ്കോയിലെ ചാർജ്ജ് ഹാൻഡിന്റെ ശമ്പളവും മെഷീൻ ഓപ്പറേറ്റർ-ന് ചാർജ്ജ്ഹാൻഡിനെക്കാളും കൂടിയതും ഫോർമാനെക്കാളും കുറവുള്ളതുമായ ശമ്പള സ്കെയിലാണ് നിശ്ചയി ച്ചിരിക്കുന്നത്. ഇതും സിഡ്കോയുടേതിൽ നിന്ന് വളരെ കൂടിയ സ്കെയിലാണ്. ഇത് പരിഹരിക്കേണ്ടത് സംബന്ധിച്ച നിർദ്ദേശം ആവശ്യമാണ്.

(5) സിഡ്കോയിൽ ഫോർമാൻ തസ്തികയിൽ ആവശ്യമായ യോഗ്യത ഡിപ്ലോമയും 2 വർഷത്തെ പ്രവൃത്തി പരിചയവുമാണ് (ഫോർമാൻ - 7990-12930). ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ മെയിന്റനൻസ് എഞ്ചിനീയർ (12250-19800), പ്രോഗ്രാമർ (11910-19350) എന്നീ തസ്തികകൾക്ക് അടിസ്ഥാന യോഗ്യത ഡിപ്ലോമ ആണെങ്കിലും പ്രത്യേകിച്ച് പ്രവൃത്തി പരിചയം കാണിച്ചിട്ടില്ല. ശമ്പള സ്കെയിൽ സിഡ്കോയിലെ മാനേജർ തസ്തികയിലെയും അതിനു മുകളിലുള്ളതുമാണ് വ്യവസ്ഥ ചെയ്തിരി-ക്കുന്നത്. മാത്രവുമല്ല, റ്റി.ആർ.റ്റി.സി.യിൽ നിലവിൽ നിയമിതരായ ജീവനക്കാരിൽ ചിലർക്ക് സർക്കാർ അംഗീകാരമില്ലാത്ത യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ഇതിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത ലഭിക്കുവാനുണ്ട് (ഈ യോഗ്യതയെ സംബന്ധിച്ച് പരാതി വന്നതിനെ തുടർന്ന് ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിൽ നിന്നും യോഗ്യതയുടെ വ്യക്തത ആരാഞ്ഞപ്പോൾ ടി. കോഴ്സ് ഡിപ്ലോമയായി അംഗീകരി-ച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് 06.02.2017-ലെ പിഇ.ആർ(1)/ജനറൽ/17-18 നമ്പർ കത്ത് മുഖേന സർക്കാരിലേയ്ക്ക് അറിയിച്ചിട്ടുണ്ട്).

ബോർഡ് തീരുമാന പ്രകാരം ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിനെ സിഡ്കോയുടെ ഭാഗമായി നിലനിർത്തുന്നതിനായി. ചുവടെ പ്രതിപാദിക്കുന്ന വിഷയങ്ങളിൽ സർക്കാർ തലത്തിൽ തീരുമാനത്തിനായി സമർപ്പിക്കുന്നു.

(1) ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ സിഡ്കോയുടെ തന്നെ ഒരു യൂണിറ്റായി നിലനിറുത്തുന്നതിന് സർക്കാർ അംഗീകാരം നൽകുക.

(2) ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ നിയമനം ലഭിച്ച 15 പേരുടെ നിയമനം സർക്കാർ തലത്തിൽ സാധൂകരണം നൽകുക (പി.എസ്.സി.യുടെ പരിധിയിൽ വരുന്ന തസ്തികകൾ പി.എസ്.സി.യുടെ അംഗീകാരത്തിന് വിധേയമായി).

(3) 01.01.2011–ലെ ജി.ഒ(എം.എസ്) നം.1/2011/ഐ.ഡി.യിൽ അനുച്ഛേദം–IV ആയി ഉൾക്കൊള്ളിച്ചിരുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ള അപാകതകൾ പരിഹരിച്ച് പ്രൊപ്പോസ് ചെയ്ത പ്രകാരം അംഗീകരിച്ച് നൽകുക.

(4) ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ നിലവിലുള്ള ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന പേ & അലവൻസസ് തന്നെ നൽകുന്നതിന് അനുമതി നൽകുക.

വിശ്വസ്തതയോടെ,

_ഉള്ളടക്കം:_ ബന്ധപ്പെട്ട രേഖകൾ

മാനേജിംഗ് ഡയറക്ടർ

Cr.mal.com/TRTC

അനുച്ഛേദം

ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ നിയമിതരായ ഇപ്പോഴും തുടരുന്ന ജീവനക്കാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഉദ്യോഗപേരും ശമ്പള സ്കെയിലും | ജോലിയിൽ പ്രവേശിച്ച തീയതി | യോഗ്യത |
|---|---|---|---|---|
| 1. | ശ്രീ.ദിലീപ് രാജ് എം.ആർ | ടൂൾ റൂം മാനേജർ 13610–20700 | 01.03.2011 | Diploma in Tool & Die Engineering (KTTF) |
| 2. | ശ്രീ.അനീഷ് അഗസ്റ്റിൻ | അക്കൗണ്ട്സ് മാനേജർ 13610–20700 | 10.10.2012 | ബി.കോം, എം.ബി.എ |
| 3. | ശ്രീ.ഷഫീൽ.കെ.യു | ഡിസൈൻ എഞ്ചിനീയർ 12250–19800 | 09.10.2012 | 1. Diploma in Tool & Die making (Keltrac) 2. 3 years cours & 1 Year Industrial Training 3. Post Diploma couse in Tool Design 4. CITD |
| 4. | ശ്രീ.സെമിന തമ്പി.ജി. | ടൂൾ റൂം എഞ്ചിനീയർ 12250–19800 | 01.03.2011 | Diploma in Tool & Die Engineering (KTTF) |
| 5. | ശ്രീ.ജോൺ ആഡേർസൺ.ഇ. | ടൂൾ റൂം എഞ്ചിനീയർ 12250–19800 | | 4 years Tool Engineering Diploma course(KTTF) |
| 6. | ശ്രീ.അരുൺ ശിവരാജ്.എൻ.എസ് | അസി. ടൂൾ റൂം എഞ്ചിനീയർ 11070–18450 | 07.10.2014 | Dip. in Tool & Die making (NTTF) |
| 7. | ശ്രീ.അനുജിത്ത്.വി.ജെ | അസി. ടൂൾ റൂം എഞ്ചിനീയർ 11070–18450 | 04.10.2014 | NTC-Tool & Die maker (Dies & Moulds) Dip. in Plastics Mould Making |
| 8. | ശ്രീ.മുഹമ്മദ് നജീബ്.പി.കെ | അസി. ടൂൾ റൂം എഞ്ചിനീയർ 11070–18450 | | Dip. in Plastic Mould Technology |
| 9. | ശ്രീ.ജിതിൻ.സി.കെ | അസി. ടൂൾ റൂം എഞ്ചിനീയർ 11070–18450 | 04.10.2014 | N.T.C. Fitter ഡിപ്ലോമ (ടൂൾ & ഡൈ എഞ്ചിനീയറിംഗ്)(State Board of Technical Examination, Govt. of Kerala) |
| 10. | ശ്രീ.വിപിൻരാജ്.വി.പി | അസി. ടൂൾ റൂം എഞ്ചിനീയർ 11070–18450 | 04.10.2014 | ഡിപ്ലോമ (ടൂൾ & ഡൈ എഞ്ചിനീയറിംഗ്) (State Board of Technical Examination, Govt. of Kerala) |
| 11. | ശ്രീ.നിഷാന്ത്.എൻ.എസ് | അസി. ടൂൾ റൂം എഞ്ചിനീയർ 11070–18450 | | Dip. in Plastic Mould Design, Dip. in Plastic Mould Technology. |
| 12. | ശ്രീ.ബബീഷ്.ഇ.പി | സി.എൻ.സി. ഓപ്പറേറ്റർ 5250–8390 | 10.10.2012 | എൻ.റ്റി.സി (ടർണർ ട്രേഡ്) |
| 13. | ശ്രീ.സുബിത്ത്.ബി.എസ്. | സി.എൻ.സി. ഓപ്പറേറ്റർ 5250–8390 | 10.10.2012 | 1. എൻ.റ്റി.സി (മെഷീനിസ്റ്റ്) 2. ഡിപ്ലോമ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്) |
| 14. | ശ്രീ.വിനു കോടക്കാട്ട് | സി.എൻ.സി. ഓപ്പറേറ്റർ 5250–8390 | 10.10.2012 | എൻ.റ്റി.സി (മെഷീനിസ്റ്റ്) |
| 15. | ശ്രീ.സുജീഷ്.കെ | ഡ്രൈവർ 5250–8390 | 01.03.2013 | Driving Licence |

സെക്ഷൻ ഓഫീസർ